# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ല - ഉപ്പുതുറ ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക 01/07/2011 മുതൽ സൃഷ്ടിച്ച് ശ്രീമതി. മിനിടോമിയുടെ നിയമനം ടി തസ്തികയിൽ ക്രമവൽക്കരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1565/2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം. 15.06.2013.**

---

പരാമർശം:- 1) സഉ(അച്ചടി) നമ്പർ 501/05/ധന തീയതി 25.11.2005.
2) സഉ(അച്ചടി) നമ്പർ 61/10/ധന തീയതി 09.02.2010.
3) പഞ്ചായത്ത് ഡയറക്ടറുടെ 30/06/2010 ലെ ഇ9-20487/2010 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ഉപ്പുതുറ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കി വരുന്ന ശ്രീമതി. മിനിടോമിയുടെ നിയമനം പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

ശ്രീമതി. മിനിടോമി ഇടുക്കി ജില്ലയിലെ ഉപ്പുതുറ ഗ്രാമ പഞ്ചായത്തിൽ 01/11/2005 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ രേഖകൾ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ നിന്നും പരാമർശം 1, 2 ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ശ്രീമതി. മിനിടോമിയ്ക്ക് സ്ഥിരനിയമനം ലഭിക്കാൻ അർഹതയുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1,2 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഉപ്പുതുറ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മിനിടോമിയുടെ നിയമനം ടി തസ്തികയിൽ 01/07/2011 മുതൽ ഒരു പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് പ്രസ്തുത തീയതി മുതൽ ക്രമവൽക്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
അക്കൗണ്ടന്റ് ജനറൽ (LBA&A)
ധനകാര്യ വകുപ്പ്. (11/04/2013 ലെ 25101/Expenr.C2/13/Fin പ്രകാരം)
സെക്രട്ടറി, ഉപ്പുതുറ ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
ശ്രീമതി. മിനിടോമി , പാർട്ട് ടൈം സ്വീപ്പർ. ഉപ്പുതുറ ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
(സെക്രട്ടറി ഉപ്പുതുറ ഗ്രാമ പഞ്ചായത്ത്, ഇടുക്കി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ(ഐ.കെ.എം) (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ